# ഏഷ്യൻ സ്ട്രോക്ക് സമ്മർ സ്കൂൾ

ഏഷ്യയിലുടനീളമുള്ള സ്ട്രോക്ക് ട്രെയിനികൾക്കായുള്ള അന്താരാഷ്ട്ര പഠനപദ്ധതിയായ ഏഷ്യൻ സ്ട്രോക്ക് സമ്മർ സ്കൂൾ, 2024 ജൂലൈ 11 മുതൽ 14 വരെ തിരുവനന്തപുരത്തെ 'ഓ ബൈ താമരയിൽ' വെച്ച് നടത്താൻ നിശ്ചയിച്ചിരിക്കുന്നു. തിരുവനന്തപുരത്തെ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിലെ കോംപ്രിഹെൻസീവ് സ്ട്രോക്ക് കെയർ പ്രോഗ്രാമും, ഇമേജിംഗ് സയൻസസ് ആൻഡ് ഇൻ്ററർവെൻഷണൽ റേഡിയോളജി വകുപ്പും ചേർന്ന് സ്വിറ്റ്സർലൻഡിലെ ബേൺ യൂണിവേഴ്സിറ്റിയുടെ സഹകരണത്തോടെ ആണ് കോഴ്സ് സംഘടിപ്പിക്കുന്നത്. കഴിഞ്ഞ 10 വർഷമായി യൂറോപ്പിൽ നടത്തിവരുന്ന  സ്ട്രോക്ക് വിൻ്ററർ സ്കൂളിന് സമാനമായി ഇന്ത്യയിൽ നടക്കുന്ന ഏഷ്യൻ സ്ട്രോക്ക് സമ്മർ സ്കൂളിൻ്റെ രണ്ടാം പതിപ്പാണിത്.

അക്യൂട്ട് ഇസ്കെമിക് സ്ട്രോക്കിൻ്റെ ഇൻ്ററർ ഡിസിപ്ലിനറി മാനേജ്മെൻ്റ് മെച്ചപ്പെടുത്തുന്നതിനായി യുവ ന്യൂറോളജിസ്റ്റുകളും ന്യൂറോ-ഇൻ്ററർവെൻഷണലിസ്റ്റുകളും സഹകരിക്കുന്ന നാലു ദിവസത്തെ അധ്യാപന കോഴ്സാണ് ഏഷ്യൻ സ്ട്രോക്ക് സമ്മർ സ്കൂൾ 2024. യൂറോപ്പ്, യുഎസ്, കാനഡ, ഓസ്ട്രേലിയ എന്നിവിടങ്ങളിൽ നിന്നുള്ള പന്ത്രണ്ടു അന്താരാഷ്ട്ര ഫാക്കൽറ്റികളും നാൽപതു ദേശീയ ഫാക്കൽറ്റികളും നയിക്കുന്ന പ്രഭാഷണങ്ങളും ശിൽപശാലകളും പ്രോഗ്രാമിൽ ഉൾപ്പെടുന്നു. ഇത്തവണ WHO പ്രോഗ്രാമുമായി കൈകോർക്കുകയും എട്ടു  തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളെ കൊണ്ടുവരുകയും ചെയ്യുന്നു - തിമോർ-ലെസ്റ്റെ, നേപ്പാൾ, ഭൂട്ടാൻ, മ്യാൻമർ, മാലദ്വീപ്, ഇന്തോനേഷ്യ, ബംഗ്ലാദേശ്, ശ്രീലങ്ക എന്നി രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും.

മുതിർന്നവരിൽ വൈകല്യത്തിനും മരണത്തിനും ഉള്ള പ്രധാന കാരണം സ്ട്രോക്ക് ആണ്. സ്ട്രോക്ക് ചികിത്സയുടെ മുന്നേറ്റങ്ങൾ കാരണം തലച്ചോറിലെ രക്തക്കുഴലുകളിൽ ഉണ്ടാവുന്ന രക്തക്കട്ട അലിയിക്കുന്നതിനും

(ത്രോംബോളിസിസ്), ഉപകരണങ്ങൾ ഉപയോഗിച്ച് ഇങ്ങനെയുള്ള രക്തക്കട്ടകൾ നീക്കം ചെയ്യുന്ന മെക്കാനിക്കൽ ത്രോംബെക്ടമി എന്നീ ചികിത്സകൾ ഇപ്പോൾ ലഭ്യമാണ്.

ഉയർന്ന നിലവാരമുള്ള അധ്യാപന സെഷനുകൾ, പ്രഭാഷണങ്ങൾ, ഗ്രൂപ്പ് ട്യൂട്ടോറിയലുകൾ, സിമുലേറ്റർ പരിശീലനം, കേസ് ചർച്ചകൾ എന്നിവ സ്കൂൾ വാഗ്ദാനം ചെയ്യുന്നു. മസ്തിഷ്കത്തിലെ പ്രധാന വലിയ രക്തക്കുഴലുകളിൽ രക്തം കട്ടപിടിച്ചു ഉണ്ടാവുന്ന അക്യൂട്ട് ഇസ്കെമിക് സ്ട്രോക്കിനുള്ള അടിയന്തര ചികിത്സയായ ഇൻട്രാവീനസ് ത്രോംബോളിസിസ്, മെക്കാനിക്കൽ ത്രോംബെക്ടമി തുടങ്ങിയ ചികിത്സ നടപടിക്രമങ്ങളിൽ ഫിസിഷ്യൻമാർക്കും ഇൻ്ററർവെൻഷണലിസ്റ്റുകൾക്കും പരിശീലനം നൽകുന്നതാണ് പാഠ്യപദ്ധതിയുടെ ഉദ്ദേശം. ഈ കോഴ്സ് ഫിസിഷ്യൻമാരുടെയും ഇൻ്ററർവെൻഷണലിസ്റ്റുകളുടെയും വൈദഗ്ധ്യം മെച്ചപ്പെടുത്തുമെന്നും അക്യൂട്ട് സ്ട്രോക്ക് മാനേജ്മെൻ്ററിൽ അവർക്ക് കൂടുതൽ ആത്മവിശ്വാസം നൽകുമെന്നും പ്രതീക്ഷിക്കുന്നു.
നിലവിൽ ഇന്ത്യയിൽ മുന്നൂറിൽ താഴെ സ്ട്രോക്ക് യൂണിറ്റുകളും ഇരുന്നൂറിൽ താഴെ ത്രോംബെക്ടമി സെൻ്ററുകളുമുണ്ട്. ഈ ജീവൻരക്ഷാ ചികിത്സ നടപടിക്രമങ്ങൾ ചെയ്യുന്നതിൽ വൈദഗ്ധ്യമുള്ള കൂടുതൽ ഡോക്ടർമാരും ചികിത്സ കേന്ദ്രങ്ങളും ആവശ്യമാണ്. ഈ അധ്യാപന കോഴ്സുകൾ വഴി രോഗികൾക്കു ശരിയായ ചികിത്സ നൽകുന്നതിനും അതത് പ്രദേശങ്ങളിൽ ഒരു സ്ട്രോക്ക് ചികിത്സാ ശൃംഖല കെട്ടിപ്പടുക്കുന്നതിൽ അവരെ സഹായിക്കുമെന്നും പ്രതീക്ഷിക്കുന്നു. മെക്കാനിക്കൽ ത്രോംബെക്ടമി, ഇൻട്രാവീനസ് ത്രോംബോളിസിസ് എന്നിവയ്ക്കായി രോഗികളെ തിരഞ്ഞെടുക്കുന്നതിലെ നിർണായക ഘടകങ്ങളെക്കുറിച്ചുള്ള അറിവ് ഈ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ന്യൂറോ-ഇൻ്ററർവെൻഷണലിസ്റ്റുകളെ മെക്കാനിക്കൽ ത്രോംബെക്ടമി ചികിത്സ പരിശീലിപ്പിക്കുന്നതിനായി ഫ്ലോ മോഡലുകളും സിമുലേറ്ററുകളും ഉപയോഗിച്ച് ന്യൂറോ ഇൻ്ററർവെൻഷണൽ വർക്ക്ഷോപ്പുകളും നടത്തുന്നതായിരിക്കും

തിരുവനന്തപുരത്തെ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിലെ ന്യൂറോളജി വിഭാഗം മേധാവിയും കോംപ്രിഹെൻസീവ് സ്ട്രോക്ക് കെയർ പ്രോഗ്രാമിൻ്റെ ചുമതലയുമുള്ള ഡോ.പി.എൻ.ശൈലജ, ഇമേജിംഗ് സയൻസസ് ആൻഡ് ഇൻ്റർവെൻഷൻ റേഡിയോളജി വിഭാഗം ഡോ. ഇ ജയദേവൻ, ന്യൂറോസെൻ്റർ, ഇൻസെൽസ്പിറ്റൽ, ബേൺ, സ്വിറ്റ്സർലൻഡ് പ്രൊഫസറും ന്യൂറോറേഡിയോളജി മേധാവിയുമായ ഡോ. ജാൻ ഗ്രല്ല, ന്യൂറോളജി വിഭാഗം പ്രൊഫസറും ചെയർമാനുമായ ഡോ. ഉർസ് ഫിഷർ എന്നിവരാണ് കോഴ്സ് ഡയറക്ടർമാർ.